**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 73** **10-06-2024 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിക്ക് ഇ.ക്യു.എം.എസ്. പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ ഇ.ഐ.എ. പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഇ.ക്യൂ.എം.എസ്. ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കി വരുന്ന പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് അന്തിമമാകുന്ന മുറക്ക് ലഭ്യമാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഇ.ക്യു.എം.എസ്. പ്രൈവറ്റ് ലിമിറ്റഡിന് ജി.എസ്.ടി. അടക്കം എത്ര രൂപയാണ് നൽകിയത് എന്ന് വിശദമാക്കാമോ; | (ബി) | ആവശ്യമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനു ഇതുവരെ 40,12,000 രൂപ ഇ.ക്യൂ.എം.എസ് നു നൽകുകയുണ്ടായി. |
| (സി) | സിൽവർ ലൈൻ പദ്ധതിക്ക് ആവശ്യമായ 107.8 ഹെക്ടർ ഭൂമി കൈമാറാൻ സാധിക്കില്ല എന്ന് ഇന്ത്യൻ റെയിൽവേ വിശദമാക്കിയതിനാൽ റെയിൽവേ ഭൂമി ഏറ്റെടുക്കാതെ എങ്ങനെയാണ് സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (സി) | പ്രസ്തുത ചോദ്യത്തിൽ ഉന്നയിച്ച വിഷയവുമായി ബന്ധപ്പെട്ട തീരുമാനമൊന്നും തന്നെ റെയിൽവേ അറിയിച്ചിട്ടുള്ളതല്ല. |
| (ഡി) | സിൽവർ ലൈൻ പദ്ധതിക്ക് പി.പി.പി. മോഡലിന് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | സിൽവർ ലൈൻ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് അന്തിമാനുമതിക്കായി റെയിൽവേ ബോർഡിനു സമർപ്പിച്ചിരിക്കുകയാണ്. ആയതു റെയിൽവേ ബോർഡിൽ പരിശോധനാഘട്ടത്തിലാണ്. |
| (ഇ) | ഇന്ത്യൻ റെയിൽവേയിൽ നിന്നും വിരമിച്ചതിനുശേഷവും അജിത് കുമാർ കെ- റെയിൽ മാനേജിംഗ് ഡയറക്ടറായി തുടരുന്നുണ്ടോ; വിശദമാക്കാമോ; | (ഇ) | ഇന്ത്യൻ റെയിൽവേയിൽ നിന്നും വിരമിച്ചതിനുശേഷവും അജിത് കുമാർ ഐ.ആർ.എസ്.എസ്.ഇ-നെ കേരള റെയിൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മുഴുവൻ സമയ ഡയറക്ടർ തസ്തികയിലേക്ക് പുനഃനിയമിച്ചിട്ടുണ്ട്. താത്കാലിക ക്രമീകരണത്തിൻറെ ഭാഗമായി മാനേജിംഗ് ഡയറക്ടറുടെ അധികചുമതലയും നൽകിയിട്ടുണ്ട്. |
| (എഫ്) | ആർ.ഐ.എ. സ്റ്റഡി, ഡി.പി.ആർ. തയ്യാറാക്കൽ, ബൗണ്ടറി സ്റ്റോൺ സ്ഥാപിക്കൽ, റവന്യൂ വകുപ്പിൽ നിന്നും മറ്റ് വകുപ്പുകളിൽ നിന്നും ഡെപ്യൂട്ട് ചെയ്ത ഉദ്യോഗസ്ഥർക്കുള്ള വേതനം അടക്കം നാളിതുവരെ | (എഫ്) | ഡി.പി.ആർ. തയ്യാറാക്കൽ, ബൗണ്ടറി സ്റ്റോൺ സ്ഥാപിക്കൽ തുടങ്ങി സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് 53.43 കോടി രൂപ ചിലവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സിൽവർ ലൈൻ പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ